**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3476** **15-02-2024 - ൽ മറുപടിയ്ക്ക്**

**ഐ.ടി.ഐ.കളിലെ പരിശീലന ദിവസങ്ങൾ പുനഃക്രമീകരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഡി.ജി.റ്റി.യുടെ പുതുക്കിയ സിലബസ് പ്രകാരം 2022 അധ്യയന വർഷം മുതൽ ഐ.ടി.ഐ.കളിലെ പഠന സമയത്തിൽ വന്നിട്ടുള്ള 400 മണിക്കൂർ കുറവിന്റെ ആനുകൂല്യം സംസ്ഥാനത്തെ ഐ.ടി.ഐ. വിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | **(എ)** കുറവ് വന്നിട്ടുള്ള 400 മണിക്കൂറിന് പകരമായി ഓൺ ദി ജോബ് പരിശീലനത്തിന് 150 മണിക്കൂറും, ഐച്ഛികമായി Language course / short term courses എന്നിവ പഠിയ്ക്കുന്നതിന് 240 മണിക്കൂറും കൂടി ഡി.ജി.റ്റി.യുടെ അറിയിപ്പ് പ്രകാരം ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ പ്രവർത്തി ദിവസങ്ങളിൽ സാരമായ കുറവ് വരുന്നില്ല. ആയതിനാൽ പ്രസ്തുത ആനുകൂല്യം നൽകിയിട്ടില്ല. |
| (ബി) | ഐ.ടി.ഐ.കളിലെ പരിശീലന ദിവസങ്ങൾ കുറയ്ക്കണമെന്നാവശ്യപ്പെട്ട് ലഭിച്ച നിവേദനങ്ങൾ പഠിക്കുന്നതിനായി നിയോഗിച്ച സമിതി സമർപ്പിച്ച റിപ്പോർട്ടിൽ മൂന്നുതവണ തിരുത്തലുകൾ വരുത്തിയത് ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇതിന് ഇടയായ സാഹചര്യം പരിശോധിക്കുമോ; ടി കമ്മിറ്റിയംഗങ്ങളുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയ മിനിറ്റ്സിന്റെ പകർപ്പ് നൽകാമോ; | (ബി) | **(ബി)** കമ്മിറ്റി അംഗങ്ങൾ ചർച്ച ചെയ്തത് പ്രകാരം സമർപ്പിച്ച അന്തിമ റിപ്പോർട്ടിൽ തിരുത്തലുകൾ വരുത്തിയിട്ടില്ല. കമ്മിറ്റിയംഗങ്ങളുടെ അഭിപ്രായങ്ങൾ പ്രത്യേകം രേഖപ്പെടുത്തി മിനിറ്റ്സാക്കിയിട്ടില്ല. |
| (സി) | 2022 അധ്യയന വർഷം മുതൽ സിലബസിൽ നിന്നും 400 മണിക്കൂർ അഥവാ 62 പരിശീലന ദിവസങ്ങൾ കുറഞ്ഞ വിവരം മേൽ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (സി) | **(സി)** 62 പരിശീലന ദിവസങ്ങൾ കുറഞ്ഞ വിവരം റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല. |
| (ഡി) | 2022-ൽ ഐ.ടി.ഐ.കളിൽ 62 പരിശീലന ദിവസങ്ങൾ അഥവാ 400 മണിക്കൂർ സിലബസിൽ നിന്ന് കുറച്ച സാഹചര്യത്തിൽ 2014-ലെ ട്രെയിനിംഗ് മാന്വൽ പ്രകാരം ആറ് ദിവസങ്ങൾ പരിശീലനം നൽകേണ്ടതുണ്ട് എന്ന് സൂചിപ്പിച്ചുകൊണ്ട് വ്യാവസായിക പരിശീലന വകുപ്പ് അഡീഷണൽ ഡയറക്ടർ സർക്കാരിന് സമർപ്പിച്ച കത്തിലെ പൊരുത്തമില്ലായ്മ പരിശോധിക്കുമോ; വ്യക്തമാക്കുമോ; | (ഡി) | **(ഡി)** ഡി.ജി.റ്റി.യുടെ അറിയിപ്പ് പ്രകാരം On the Job Training - ന് 150 മണിക്കൂറും, ഐച്ഛികമായി Language course / short term courses -ന് 240 മണിക്കൂറും ആവശ്യമായതിനാൽ വകുപ്പിൽ നിന്നും സർക്കാരിലേക്ക് സമർപ്പിച്ച റിപ്പോർട്ടിൽ പൊരുത്തക്കേട് കാണുന്നില്ല, |
| (ഇ) | ഐ.ടി.ഐ സിലബസിൽ 400 മണിക്കൂർ കുറഞ്ഞ സാഹചര്യത്തിൽ ശനിയാഴ്ച അവധി | (ഇ) | **(ഇ)** ശനിയാഴ്ച അവധി നൽകുമ്പോൾ സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നേട്ടത്തെ പറ്റി |

| | | | |
|---|---|---|---|
| | നൽകുന്നതുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിനായി രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിൽ അവധി അനുവദിക്കുന്നത് മൂലം സർക്കാരിന് ഉണ്ടാകുന്ന സാമ്പത്തിക നേട്ടത്തെക്കുറിച്ച് പരാമർശിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | | റിപ്പോർട്ടിൽ പരാമർശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ